**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2284** | **12-02-2024 - ൽ മറുപടിയ്ക്ക്**

**മരുന്ന് വിതരണം ചെയ്ത ഏജൻസികൾക്ക് നൽകാനുള്ള കുടിശിക**

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ കോളേജുകൾക്കും, ജനറൽ ആശുപത്രികൾക്കും, താലൂക്ക് ആശുപത്രികൾക്കും മരുന്ന് വിതരണം ചെയ്ത വകയിൽ വിവിധ ഏജൻസികൾക്ക് എത്ര രൂപ വീതം നൽകാനുണ്ട് എന്ന് അറിയിക്കുമോ? | (എ) | 2023-24 സാമ്പത്തിക വർഷത്തേക്കുള്ള മരുന്ന് സംഭരണ പ്രക്രിയകൾക്കായി 356.40 കോടി രൂപയാണ് സംസ്ഥാന സർക്കാർ കെ.എം.എസ്.സി.എൽ-ന് വകയിരുത്തിയിട്ടുള്ളത്. അതിൽ 255.562 കോടി രൂപ കെ.എം.എസ്.സി.എൽ-ന് ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുകയായ 100.838 കോടി രൂപ അനുവദിക്കാനും ഉണ്ട്. പ്രസ്തുത തുക അനുവദിക്കുന്ന കാര്യം ധനകാര്യ വകുപ്പുമായി ചേർന്ന് പരിശോധിച്ചു വരുന്നു.<br><br>കോർപ്പറേഷനിലെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നിന്നും സർക്കാർ ആശുപത്രികളിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും മരുന്ന് വിതരണം ചെയ്തതിന്റെ ഭാഗമായി ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ആരോഗ്യവകുപ്പിൽ നിന്നും 56.12 കോടി രൂപയും, ദേശീയ ആരോഗ്യ ദൗത്യത്തിൽ നിന്ന് 13.57 കോടി രൂപയും കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്ന് 20.19 കോടി രൂപയും കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിൽ നിന്ന് 1 കോടി രൂപയുമടക്കം ആകെ 90.88 കോടി രൂപ കെ.എം.എസ്.സി.എൽ-ന് നാളിതുവരെ ലഭിക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ